**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **11-09-2023 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റങ്ങളിൽ ഉൾപ്പെടുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതരസംസ്ഥാന തൊഴിലാളികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 മുതൽ നാളിതു വരെ നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | ഉണ്ട്. 2016 മുതൽ നാളിതുവരെ നടന്ന കുറ്റകൃത്യങ്ങളിൽ 8,418 ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയുന്നതിനായി, അവരുടെ എണ്ണമെടുക്കാനും തിരിച്ചറിയൽ രേഖകൾ നൽകാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ പേരും മറ്റ് വിവരങ്ങളും അവർ താമസിച്ചുവരുന്ന കെട്ടിടയുടമയുടേയും ആരുടെ കീഴിലാണോ അവർ ജോലി ചെയ്യുന്നത് തുടങ്ങിയ വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ Migrant Labour Register-ൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചു വരുന്നുണ്ട്. ടിയാളുകൾക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്നത് മനസ്സിലാക്കാൻ Inter-operable Criminal Justice System (ICJS) സംവിധാനം ഉപയോഗിച്ച് പരിശോധിച്ചു വരുന്നതാണ്. കൂടാതെ ജനമൈത്രി പോലീസുദ്യോഗസ്ഥരും സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥരും അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് സ്ഥിതി വിവരങ്ങൾ നിരീക്ഷിച്ച് വരികയും പരിശോധനകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. സംശയിക്കുന്നവരുടെ വിരലടയാളങ്ങൾ ശേഖരിച്ചും പരിശോധന നടത്തിവരുന്നുണ്ട്.<br><br>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ നിലവിലുള്ള "ആവാസ്" പദ്ധതി പ്രകാരം 5,16,320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് ജോലി തേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും, ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, സർക്കാർ പരിഗണനയിലാണ്. ഓർഡിനൻസ് കൊണ്ട് വരുന്നതിന്റെ ഉദ്ദേശം തന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്. |
| (സി) | ഇതരസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേരളത്തിൽ ജോലി ചെയ്യുന്നതിന് ഇവ നിർബന്ധമാക്കുമോ; | (സി) | ഇല്ല. Inter State Migrant Workers (Registration and Welfare) Kerala Ordinance, നിലവിൽ വരുന്നത് വഴി രജിസ്ട്രേഷൻ നിർബന്ധിതമാക്കാൻ സാധിക്കും. പോലീസ് ക്ലിയറൻസ് നിർബന്ധമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. |
| (ഡി) | ജോലിക്കായി ഇവരെ കൊണ്ട് വരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്ത് വരുന്നത്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ് അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുവാൻ നിയമം അനുശാസിക്കുന്നില്ല. |
| (ഇ) | ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ, പോലീസ് ക്ലിയറൻസ്, തിരിച്ചറിയൽ രേഖ ഇല്ലാത്തവരെ മടക്കി അയയ്ക്കൽ, തൊഴിലാളികളെ കൊണ്ട് വരുന്നത് ബന്ധപ്പെട്ട വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യൽ, ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കൽ | (ഇ) | സംസ്ഥാനത്തേയ്ക്ക് ജോലി തേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും, ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, |

| | | | |
|---|---|---|---|
| | തുടങ്ങിയ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണം പരിഗണിക്കുമോ; വെളിപ്പെടുത്തുമോ? | | സർക്കാർ പരിഗണനയിലാണ്. രജിസ്റ്റർ ചെയ്യാത്ത ഇതരസംസ്ഥാന തൊഴിലാളികൾക്കും, തൊഴിൽ ദാതാവിനും ശിക്ഷാ വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കിയിട്ടുള്ളത്. ഓർഡിനൻസ് കൊണ്ട് വരുന്നതിന്റെ ഉദ്ദേശം തന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്. പോലീസ് ക്ലിയറൻസ്, തിരിച്ചറിയൽ രേഖ ഇല്ലാത്തവരെ മടക്കി അയയ്ക്കൽ, തൊഴിലാളികളെ കൊണ്ട് വരുന്നത് ബന്ധപ്പെട്ട വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യൽ, ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണം തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ